ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): കാസർകോഡ് ജില്ലയിലെ കാഷ്യൂ ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ തോട്ടങ്ങളിൽ എൻഡോ സൾഫാൻ കീടനാശിനി സ്പ്രേ ചെയ്തതുമൂലം ധാരാളം രോഗങ്ങളുണ്ടാകുന്നു എന്ന റിപ്പോർട്ടിനെത്തുടർന്ന് ഒരു വിദഗ്ദ്ധ സമിതി പഠനം നടത്തിയിട്ടുണ്ട്. അതിനു പുറമേ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒക്കുപേഷണൽ ഹെൽത്ത്, ഐ.സി.എം.ആർ. അഹമ്മദാബാദ്, സംസ്ഥാന ഗവൺമെന്റ് രൂപീകരിച്ച ശിവരാമൻ കമ്മിറ്റി എന്നിങ്ങനെ വിദഗ്ദ്ധ സമിതികളും പഠിക്കുകയുണ്ടായി. ഈ പഠനങ്ങളിൽ നിന്ന് ഈ പ്രദേശത്തെ ബാധിച്ചിരിക്കുന്ന നിരവധി രോഗങ്ങൾ ഈ കീടനാശിനിയുടെ ഉപയോഗം മൂലമുണ്ടായ പ്രത്യാഘാതങ്ങൾ മൂലം ആകാം എന്നാണ്, മറ്റ് സാഹചര്യ തെളിവൊന്നും ഇത്തരത്തിലുള്ള രോഗബാധകൾക്ക് കാരണമായി ചൂണ്ടിക്കാണിക്കാനില്ല. തലച്ചോർ സംബന്ധമായ രോഗങ്ങൾ, ആസ്ത്മ, കണ്ണ്, ത്വക്ക്, ഞരമ്പ് സംബന്ധിയായ രോഗങ്ങൾ, വിളർച്ച, അമിത രക്ത സമ്മർദ്ദം, ഗോയിറ്റർ, ഹൃദ്രോഗം, സ്ത്രീ രോഗങ്ങൾ എന്നീ രോഗങ്ങളാണ് ആ പ്രദേശത്ത് കൂടുതലായി കാണുന്നത്, ഈ പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ ആരോഗ്യ വകുപ്പ് വിശദമായ പഠനം നടത്തുകയും നാല് മെഡിക്കൽ ക്യാമ്പുകളും ഒരു സൂപ്പർ സ്പെഷ്യാലിറ്റി ക്യാമ്പും ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടുകൂടി നടത്തുകയുമുണ്ടായി. ഈ ക്യാമ്പുകളിൽ വ്യാപകമായ പരിശോധനകളും ചികിൽസകളും ആവശ്യമായവർക്ക് വിദഗ്ദ്ധ ചികിൽസയും നൽകുകയുണ്ടായി. ചികിൽസയ്ക്ക് വിധേയരായവർക്ക് ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടുകൂടി മരുന്നുകൾ സൗജന്യമായി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ചികിൽസ തുടർന്നും നൽകിവരുന്നുണ്ട്. വീണ്ടും ആവശ്യമുള്ളവർക്ക് നൽകുന്നതാണ്. പെരിയ, വാണിനഗർ എന്നീ സ്ഥലങ്ങളിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴി ആ പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ പ്രത്യേകമായി നിരീക്ഷിക്കാനും ഏതെങ്കിലും അടിയന്തിര ഘട്ടംവന്നാൽ നടപടിയെടുക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമേ വീട് വീടാന്തരം ആരോഗ്യ സർവേ നടത്താനും ചികിൽസാ സൗകര്യം ഉറപ്പാക്കാനും ബോധവൽക്കരണം നടത്താനും നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കൂടുതലായി സൗകര്യങ്ങൾ ആവശ്യമുണ്ടെങ്കിൽ ചെയ്യുന്നതാണ്.

(4) ലാറ്റിൻ ഭാഷാദ്ധ്യാപകരുടെ അടിസ്ഥാന യോഗ്യത

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് പറയാൻ പോകുന്നത്. കത്തോലിക്കാ സഭയുടെ ഔദ്യോഗിക ഭാഷയാണ് ലാറ്റിൻ, Official language of the Holy. See. 9-11-2001-ൽ വിദ്യാഭ്യാസ വകുപ്പ് ഇറക്കിയ ഒരു ഉത്തരവ് പ്രകാരം ഇന്ന് ലാറ്റിൻ ഭാഷ ഹയർ സെക്കന്ററിയിൽ പഠിപ്പിക്കാൻ ബുദ്ധിമുട്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യു.ജി.സി. പോലും ഡിഗ്രി തലത്തിൽ നിർദ്ദേശിക്കാത്ത ഈ മാനദണ്ഡം നടപ്പലാക്കിയാൽ ഈ ഭാഷ പഠിപ്പിക്കുന്നത് ബുദ്ധുമുട്ടാകും. അതുകൊണ്ട് അദ്ധ്യാപകർക്ക് സെറ്റ്, എം.എഡ്., എം.ഫിൽ, എന്നീ യോഗ്യതകൾ വേണമെന്നുള്ളതിന് ഒരു എക്സംപ്ഷൻ കൊടുക്കണമെന്ന് അഭിപ്രായപ്പെടുകയാണ്. ലാറ്റിൽ ഭാഷയെന്നു പറയുന്നത് വളരെ പുരാതനമായ ഭാഷയാണ്. ലാറ്റിൻ, സാൻസ്ക്രിറ്റ്, ഗ്രീക്ക് എന്നിവ പുരാതന ഭാഷകളാണ്. ഫ്രഞ്ച്, ഇറ്റാലിയൻ, സ്പാനിഷ്. പോർട്ടുഗീസ്, റോമാനിക്, എന്നീ ഭാഷകളുടെ മാതാവാണ് ലാറ്റിൻ. ഇംഗ്ളീഷ് ഭാഷയുടെ എഴുപത് ശതമാനം വാക്ക് ലാറ്റിനാണ്. മുന്നൂറ്റിയിരുപത് കൊല്ലം മുൻപ് കൊച്ചിയിലെ ഡച്ച് ഗവർണ്ണറായിരുന്ന വാൻറീഡ് എഴുതിയ ഹോർത്തൂസ് മലബാറികെസ് എന്ന ഗ്രന്ഥം ലാറ്റിനാണ്. നാം ഉപയോഗിക്കുന്ന നിരവധി വാക്കുകൾ ലാറ്റിനാണ്. A.D. - Anno Domini, In the year of Lord ആണ്. അങ്ങ് ഇവിടെ പറയാൻ പോകുന്ന ഒരു വാക്ക് ഉണ്ട്, അതായത് Sine die, The House is adjourned Sine die. അത് ലാറ്റിനാണ്. Minister എന്ന വാക്ക് ലാറ്റിനാണ്,. അതിന്റെ അർത്ഥം എന്താണെന്ന് അറിയാമോ? രാജാവ് എന്നല്ല, മറിച്ച് Servant എന്നാണ്, സേവകൻ എന്നാണ്, അതുപോലെ Prima Facie -അതുപോലെ പോർട്ടർ.....എല്ലാം ലാറ്റിനാണ്. യേശുതമ്പുരാൻ ജനിച്ചപ്പോൾ മാലാഖമാർ പാടിയ പാട്ട് ഉണ്ട്. Gloria ine seris lomins അതിന്റെ അർത്ഥം അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം എന്നാണ്. യേശുതമ്പുരാൻ മരിച്ച കുരിശിൽ എഴുതിയത് എന്താണെന്ന് അറിയാമോ? ഐ.എൻ.ആർ.ഐ. Jesus Nazarenus Rex Judaeorum നസ്രായക്കാരനായ യേശു യഹൂദരുടെ രാജാവ് എന്നാണ് അതിന്റെ അർത്ഥം. ഞാൻ ഒരു പ്രാർത്ഥന ബഹുമാനപ്പെട്ട മന്ത്രിക്കുവേണ്ടി സമർപ്പിക്കുകയാണ്.

"Dominus vobiscum sooppi
Et cum spiritu tuo".
അതിന്റെ അർത്ഥം
May the Lord be with you Sooppy
and with your spirit

സർ, ഞാൻ അവസാനിപ്പിക്കുകയാണ്.

In nomine patris et filie et spirituo sancti, Amen.

പിതാവും പുത്രനും പരിശുദ്ധാത്മാവും നിങ്ങളെ അനുഗ്രഹിക്കട്ടെ ആമേൻ

<u>ശ്രീ. ജോണീനെല്ലൂർ:</u> സർ, നമ്മുടെ നിയമസഭയിൽ ലാറ്റിൻ ഭാഷ ഉപയോഗിക്കാൻ നിയമം അനുവദിക്കുന്നുണ്ടോ? അദ്ദേഹം ലാറ്റിൻ ഭാഷ ഉപയോഗിച്ചത് ഓർഡറിലാണോ?

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> അദ്ദേഹം പറഞ്ഞത് എല്ലാ പള്ളികളിലുമൊക്കെ പറയുന്നുണ്ട്. അങ്ങ് പള്ളിയിൽ പോയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ, ബഹുമാനപ്പെട്ട ഡൊമിനിക് പ്രസന്റേഷന്റെ പ്രസന്റേഷൻ ഏതായാലും നന്നായി. ലാറ്റിൻ ഭാഷ ഉപയോഗിച്ച് അദ്ദേഹം എന്നോട് ആവശ്യപ്പെട്ടത് നന്നായി. ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ ജർമ്മൻ, സിറിയക്, ഫ്രഞ്ച്, ലാറ്റിൻ, റഷ്യൻ എന്നീ ഭാഷാദ്ധ്യാപക തസ്തികകൾക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതയെപ്പറ്റി അദ്ദേഹം പറഞ്ഞു. ബി.എഡ്. ബിരുദം നേടിയവരുടെ അഭാവത്തിൽ സെറ്റ് പരീക്ഷ വിജയിച്ച 50 ശതമാനത്തിൽ കുറയാത്ത മാർക്കോടുകൂടി ബിരുദാനന്തര ബിരുദം നേടിയവരെ പരിഗണിക്കും. പി.എച്ച്.ഡി., എം.ഫിൽ. എന്നിവയിൽ ഏതെങ്കിലും നേടിയവർക്ക് മുൻഗണന നൽകുന്നതായിരിക്കും. അങ്ങനെയുള്ളവർ അഞ്ചു വർഷത്തിനുള്ളിൽ സ്വന്തം ചെലവിൽ ബി.എഡ്. നേടേണ്ടതാണ്. ഏതായാലും ലാറ്റിൻ ഭാഷയിൽ ഈ വിദ്യാഭ്യാസയോഗ്യത നേടിയവർ ആരുമില്ലെന്നാണ് 8-7-2004-ൽ അഖില കേരള ലാറ്റിൻ കത്തോലിക്ക ഐക്യവേദി സമർപ്പിച്ച റിപ്പോർട്ടിൽ കാണിച്ചിട്ടുള്ളത്. ഹയർ സെക്കൻഡറി അദ്ധ്യാപക തസ്തികയ്ക്കുള്ള വിദ്യാഭ്യാസ യോഗ്യത നിശ്ചയിക്കുന്നത് ബന്ധപ്പെട്ട കരിക്കുലം കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ്. സ്പെഷ്യൽ റൂൾസ് വിജ്ഞാപനം ചെയ്യുന്നതിനുമുമ്പ് തന്നെ അതിന് പി.എസ്.സി.-യുടെ അംഗീകാരം വാങ്ങിയിരിക്കണം. ഈ നടപടികളെല്ലാം പൂർത്തിയായി. ഏതായാലും ലാറ്റിൽ ഭാഷയിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് സ്പെഷ്യൽ റൂൾസ് പ്രകാരം നിശ്ചയിക്കപ്പെട്ട യോഗ്യതകൾ നേടിയിട്ടുള്ളവരുടെ അഭാവത്തിൽ ഇക്കാര്യം കരിക്കുലം കമ്മിറ്റി പി.എസ്.സി.-യുമായി ആലോചിച്ച് യോഗ്യതയിൽ ഇളവ് വരുത്തുന്ന കാര്യം പരിഗണിക്കും. ലാറ്റിൻ, സിറിയക് ഭാഷകൾ അതിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. അതിന് പി.എസ്.സി.-യുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി എടുക്കുന്നതാണ്.

(5) ആലപ്പുഴ ജില്ലാ ആശുപത്രിയിലെ ശിശുരോഗ വിഭാഗം നിർത്തലാക്കൽ

ശ്രീ. കെ. സി. വേണുഗോപാൽ: സർ, ആലപ്പുഴ ജില്ലാ ആശുപത്രി തീരദേശത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഏക ആശ്രയ കേന്ദ്രമാണ്. വർഷങ്ങളായി അവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ശിശുരോഗ വിഭാഗം, ഒരു പ്രത്യേക ഉത്തരവിന്റെ വെളിച്ചത്തിൽ കഴിഞ്ഞ ഒരു വർഷക്കാലത്തോളമായി അവിടത്തെ തസ്തികകളെല്ലാം റദ്ദാക്കിയിരിക്കുകയാണ്. ഇതുമൂലം ശിശുരോഗ വിഭാഗം നിറുത്തലാക്കുമെന്ന ആശങ്ക വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. നിരവധി സംഘടനകൾ സമരവുമായി രംഗത്ത് വന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇതറിയാവുന്നതാണ്. അദ്ദേഹം അതിൽ ഇടപെട്ടിട്ടുണ്ട്. ശിശുരോഗവിഭാഗം നിറുത്തലാക്കുന്ന നടപടി അവസാനിപ്പിച്ച് ഇത് നിലനിറുത്താനാവശ്യമായ നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, ആരോഗ്യ വകുപ്പിൽ 100 കിടക്കകളോ അതിൽക്കൂടുതലോ അനുവദിച്ചിട്ടുള്ള ആശുപത്രികളിൽ സ്പെഷ്യാലിറ്റി യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്. സ്പെഷ്യാലിറ്റി സിസ്റ്റം നടപ്പിലാക്കുന്നതിനായി പുറപ്പെടുവിച്ചിട്ടുള്ള 28-5-2002-ലെ സർക്കാർ ഉത്തരവിൽ ആലപ്പുഴ ജില്ലാ ആശുപത്രിയിൽ ശിശുരോഗ വിഭാഗത്തിന്റെ യൂണിറ്റ് അനുവദിച്ചിട്ടില്ല. എന്നാൽ